


KUMARAMANDIRAM LIBRARY
NO 13/750
40714
603
Digitized By Kerala Sahitya Akademi

# നീറുന്ന തീച്ചൂള

ഗ്രന്ഥകർത്താ

ചങ്ങമ്പുഴ കൃഷ്ണപിള്ള. എം. എ.

ഇടപ്പള്ളി.

പ്രസാധകൻ

എസ്. പത്മനാഭൻനായർ

എറണാകുളം

Digitized By Kerala Sahitya Akademi

First Impression in Medam 1124.

Copies 1000

*All rights reserved by*
MRS. SREE DEVI CHANGMPUZHA
SREE KRISHNA SADANAM.
EDAPPALLY.
(N. TRAVANCORE)

Price:
Rupee One and
Annas Four.

Printed at the
PRABHAT PRESS
ERNAKULAM

Digitized By Kerala Sahitya Akademi

ചങ്ങമ്പുഴ

# നീറുന്ന തീച്ചൂള

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

1. ബാഷ്പാഞ്ജലി
2. ആരാധകൻ.
3. ഹേമന്തചന്ദ്രിക
4. കഥാരത്നമാലിക
5. ഉദ്യാനലക്ഷ്മി
6. മണിവീണ
7. രമണൻ
8. മയൂഖമാല
9. മാനസേശ്വരി
10. അമൃതവീചി
11. സുധാംഗദ
12. കലാകേളി
13. രക്തപുഷ്പങ്ങൾ
14. സങ്കല്പകാന്തി
15. വത്സല
16. മോഹിനി
17. ദേവത
18. സ്പന്ദിക്കുന്ന അസ്ഥിമാടം
19. അപരാധികൾ
20. ദിവ്യഗീതം
21. ദേവഗീത
22. കളിത്തോഴി
23. യവനിക
24. നിഴലുകൾ
25. ആകാശഗംഗ
26. നിർവൃതി
27. ദേവയാനി
28. വിവാഹാലോചന
29. കരടി
30. അനശ്വരഗാനം
31. ചൂഡാമണി
32. ശ്രീതിലകം
33. മദിരോത്സവം
34. നവഭാവന (ശ്രീദേവി ചങ്ങമ്പുഴ)
35. മാനസാന്തരം
36. പെല്ലീസും മെലിസാന്ദയും
37. പ്രതികാരദുർഗ്ഗ
38. പാടുന്ന പിശാച്
39. സ്വരരാഗസുധ
40. സാഹിത്യചിന്തകൾ
41. ഓണപ്പൂക്കൾ
42. തിലോത്തമ
43. മൗനഗാനം
44. കല്ലോലമാല
45. ഹഃനാലെ
46. തളിർത്തൊത്തുകൾ
47. നീറുന്ന തീച്ചൂള

Digitized By Kerala Sahitya Akademi

| കവിതകൾ | രചിച്ചകാലം |
|---|---|
| 1. കൈകോർത്തുപോക നാം | 18-12-1122 |
| 2. പൊരുതും ഞാൻ | 7-12-1120 |
| 3. പുരോഗതിയെ തടയാനാൽ .... | 28-2-1121. |
| 4. പൊൻപുലരി | 5-2-1123. |
| 5. അവരാര്? .... | 9-11-1121. |
| 6. ഞങ്ങൾ. | 2-3-1121. |
| 7. ഗളഹസ്തം. .... | 19-12- |
| 8. ചട്ടെരിസ്റ്റിൻ. .... | 4-11-1121. |
| 9. പാടാനും പാടില്ലേ? .... | 18-2-11 |
| 10. വെളിച്ചം വരുന്നു .... | 12-3-1121. |
| 11. നാളത്തെ ലോകം. .... | 4-12-1121. |
| 12. കരയും ഞാൻ | |

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# നീറുന്ന തീച്ചൂള

ആയുരാരോഗ്യങ്ങളാശീർവദിച്ചുകൊ–
ണ്ടായിരമായിരമെത്തുന്നു കത്തുകൾ

ഓരോ സുഹൃത്തുക്കളജ്ഞാതർ കൂട്ടിച്ചു–
മീരോഗശയ്യയിലെത്തിപ്പൂ സംഖ്യകൾ

ആബദ്ധസൌഹൃദമാഗമിപ്പൂ കനി–
ഞ്ഞാബാലവൃദ്ധമെന്നഭ്യുദയാർത്ഥികൾ

തിങ്ങിത്തുടിപ്പൂ വികാരങ്ങളെൻ ഹൃത്തി–
ലെങ്ങനെ നിങ്ങളോടോരോന്നു നന്ദി[illegible]

ഏതൌഷധത്തിനേക്കാളുമാശ്വാസദം
ചേതസ്സിൽ വീഴുമിസ്സാന്ത്വനാർദ്ര[illegible]

എത്രസ്ഥലത്താണെങ്കിലുമെന്നെയോർ–
മിത്രങ്ങൾ നിങ്ങൾ വെടിഞ്ഞീലൊരിക്കലും

ശത്രുവേക്കൂടിയും ബന്ധിപ്പു മൈത്രിയാൽ
ശപ്തമെൻ രോഗം; ചരിതാർത്ഥനാണു ഞാൻ.

Digitized By Kerala Sahitya Akademi

നാനാരസാകുലം നാളെമജ്ജീവിത-
നാടകത്തിങ്കൽ തിരശ്ശീലവീഴ്കിലും
അസൂയാചിത്തനായ് ദോഷൈകദൃഷ്ടിയാ-
യസ്തമിച്ചീടാനിടയാക്കിയില്ല നീ!
നിഷ്പ്പീട്ടകണ്ണീരിൽ മുങ്ങിനിന്നിന്നിതാ
മാപ്പുചോദിപ്പൂ ഞാൻ നിന്നോടു ലോകമേ!

ഒപ്പം തമസ്സും പ്രകാശവുമൊന്നുചേർന്നൊ-
രപ്രമേയാത്ഭുതം തന്നെ നിൻ ഹൃത്തടം!
ചെമ്പനീർപ്പൂക്കളും വിടരുമതിൽത്തന്നെ
വെമ്പിപ്പുളയ്ക്കുന്നു തേളും പുഴുക്കളും
പുല്ലാങ്കുഴലിനും തോക്കിനും മദ്ധ്യത്തി-
ലുല്ലസിപ്പൂ നീ സഗർവ്വനായ് സൌമ്യനായ്
നിന്നെയെന്മട്ടിലപഗ്രഥിക്കും കഷ്ട-
മെന്നിലുള്ളെന്നെശ്ശരിക്കറിയാത്ത ഞാൻ?
നന്ദി നേരുന്നു നിനക്കു ഞാൻ—നീയെന്റെ
നന്ദിയും സ്നേഹവും സ്വീകരിക്കേണമേ!

24-9-1123.

Digitized By Kerala Sahitya Akademi

# കൈകോൎത്തുപോകനാം!... ...

ഭാവനൈൎമ്മല്യം വഴി–
    ത്തെന്നണഞ്ഞൂ ഭാഗ്യശ്രീലം
ഭാരതസ്വാതന്ത്ര്യത്തിൻ
    ഭദ്രമാം പുലർകാലം.

ചിന്തനത്തിൻ നവോല്ലാസ–
    സ്ഫൂൎത്തിയാം വാനമ്പാടി
ചിത്പ്രകാശത്തെത്തേടി
    പ്പൊങ്ങുന്നു പാടിപ്പാടി.

—മനു്—

Digitized By Kerala Sahitya Akademi

എന്തിനു്?—ശതാബ്ദങ്ങളാ-
    കപ്പുറം തേനും പാലും
ചിന്തിയെന്നോതും സ്വാർത്ഥം
    വാഴ്ത്തുവാൻ താനോമേലും?

ഇരുട്ടൊക്കെയും പോയോ,
    പോരുമോ?—നിലയ്ക്കുമോ
തെരുവിൻ ഞരക്കങ്ങളാം,
    സമത്വം കിട്ടിക്കുമോ?

കുത്തല്ലേ; വിഷാപ്തമായ്
    പഴിസ്സപ്പെട്ടും ചിന്തോ
ഏത്തീനൊ—കൈവന്നൊരാ-
    മൂല്യത്തിൻ നിലയെന്തോ?

കനകോജ്ജ്വലം കാമ്യ-
    മാനിധി, പക്ഷേ, സർവ്വം
കരിനാഗത്തേപ്പോലെ
    കാത്താലോ ധനഗർവ്വം?

—രണ്ടു്—

Digitized By Kerala Sahitya Akademi

പൊരിയും വയറിന്റെ
റിളിയാലിന്നു ഘോഷം
പരിപൂതമാം തീക്ഷ്ണ-
പരിതാപത്തിൻ നാദം!

സ്വാതന്ത്ര്യം—മാതൃക്ഷോണി
തുണ്ടു തുണ്ടാക്കി കിട്ടും
സ്വാതന്ത്ര്യം, സ്വാതന്ത്ര്യമാ-
ണെങ്കിൽ, നാം സ്വതന്ത്രന്മാർ!!

പുറവും മൂട്ടുവായൊ-
രിഴയും പൊട്ടിപ്പോയി-
ട്ടെട്ടുകെട്ടിയാൽ പ്പിന്നെ—
സൗന്ദര്യഭംഗിയും പോയി!

എന്നാലും വെള്ളപ്പാട
നീങ്ങി,യെൻ നാടിൻ നേത്രം
പിന്നെയും വെളിച്ചത്തെ
അകരാമന്ദ മാത്രം.

—ദ്രുനാ—

Digitized By Kerala Sahitya Akademi

സർവ്വവും നന്മക്കായി
ത്തീരട്ടേ!—തീരും പോരും
നിർവ്വേദം, കൈകോർത്തൊന്നായ്–
പ്പോകണമെല്ലാ പോരും!!........

18–12–1122.

Digitized By Kerala Sahitya Akademi

## പൊൻകണിക്കൊന്ന

വിശ്വദേവതേ, നിന്റെ
സാത്വിക സൌന്ദര്യത്തിൽ
നിഗൂഢം വിട്ടെന്നാത്മാ-
വാദ്യമന്നലിഞ്ഞപ്പോൾ

ശൈശവം രോമാഞ്ചത്തിൽ-
ച്ചിരിച്ചു, ചിരിപ്പിച്ചു
വൈശാഖ മാസത്തിലെ-
പ്പൊന്നുഷസ്സിനെപ്പോലെ!

ജീവിതം മുററത്തെയാ-
ത്തുളസിത്തൈച്ചില്ലിനൊപ്പം
ഭാഗ്യവീഥിയിൽ കൂമ്പി-
ട്ടെന്നോ വിരാജിപ്പൂ:

— ഭാരതി —

Digitized By Kerala Sahitya Akademi

ഇളവെയ്‌ലുപോലെന്റെ
ഹൃദയം തനിത്തങ്ക-
ത്തെളിയായാത്മോല്ലാസം
ദ്യോതനത്തനം ചെയ്കേ;

ഹൃന്നിലേയ്ക്കൊഴുകി നിൻ
ചൈതന്യമോരോ കൊച്ചു
മിന്നൽപ്പൊന്നലകളാ-
യാത്മവിസ്മൃതനായ് ഞാൻ:

അകലെക്കണ്ടു മാ-
റ്റുപച്ചില മരച്ചാർത്തി-
ലകളുങ്ങോമൃൽ സ്നേഹ
ദീപ്തനേത്രങ്ങളായി,

—താരു്—

Digitized By Kerala Sahitya Akademi

“വളരേണമെന്നാൽ വരാം
        ഞങ്ങ”ളെന്നെന്നോടോതും
വനദേവതകളെക്കണ്ടുഞാൻ—
        ദിവ്യ സ്വപ്നം!!

എന്തിനു വളർന്നു ഞാൻ?—
        വിശ്വമേ, പരിചാരി-
ച്ചെന്തിനു വളർത്തി നീ-
        യെന്നെ? യെൻ കണ്ണീരിനോ?

സുന്ദരമാം വെളിച്ചമാ
        ണന്നുകണ്ണുകൾ കണ്ട–
തതിനും കനംവെച്ചു —
        കരയാൻ കഴിഞ്ഞെങ്കിൽ!



Digitized By Kerala Sahitya Akademi

ഉൽക്കർഷം മാംസത്തിന്റെ

മാത്രമാണെങ്കിൽ, ദൈവമേ

ദുഃഖമില്ലെനിക്കു, ഞാൻ

ചിരിക്കാമിനി, ദൃക്ഷേ,

ചിരിച്ചാൽ ചിന്താശൂന്യൻ,

ചിന്തിച്ചാൽ ഭ്രാന്തൻ, തൊഴി-

ക്കാരാഞ്ഞാൽ സ്വൈരം കൊല്ലി;

പടവെട്ടിയാൽ ധൂമ്പൻ!—

വല്ലതും കുററം കാണു-

മെപ്പോഴും ലോകം—ലോകം

നല്ലതോ?—ചിന്താറില്ല

പൊരുളും, പൊരുതും ഞാൻ!!

7-12-1120.

—എട്ട്—

Digitized By Kerala Sahitya Akademi

# പുരോഗതിയെ തടുത്താൽ

പൂംകുലച്ചാർത്താൽ ചിരിക്കുന്നലോകമേ
തോൽക്കിനിയും നിൻ പഴമൊഴിയാൽ സ്വയം,

വഞ്ചിച്ചിതെന്നെ നീ—നിൻ താളിയോലകൾ
വെൺചാരമാക്കാൻ ജ്വലിപ്പൂമദ്യൌവനം!

ചുറ്റും മതിൽക്കെട്ടുകെട്ടിയും ചങ്ങല-
ച്ചുറ്റുകളാലെന്റെ കാലിണ പൂട്ടിയും,

വീർപ്പുമുട്ടിപ്പൂനിൻ നീതിയാൽ, മുന്നിലേ-
ക്കാപ്പിട്ടുപായേണ്ടുമെന്നുദ്ഗതിയെ നീ!

രക്തക്കളങ്ങൾ!—മതിമതി നിന്റെയീ-
നാരതാപപ്രസംഗം—തരില്ലഞാൻ മാപ്പിനി!

പൊട്ടിക്കുമിക്കൊടും ചങ്ങലക്കെട്ടുകൾ
തട്ടിത്തകർക്കുമാക്കന്മതിൽക്കെട്ടു ഞാൻ!

ലജ്ജാർഹമായനിൻ സ്വാർത്ഥപൂർത്തിക്കായി
മൽച്ചക്രവാളം കടവാട്ടമാക്കി നീ!

—ഉറാത്ത്—

Digitized By Kerala Sahitya Akademi

ഇന്നലത്തേതിൻ നഷ്ടിച്ചതത്വങ്ങളെ–
ത്തിനു ദുർമ്മേദസ്സുവീർത്തനിൻ വിഗ്രഹം,

ഇന്നിൻകൊടും വെയിലേറ്റേറ്റടിമുടി-
യൊന്നായ് വിയർക്കുന്നു—മൂർച്ഛിച്ചീടുന്നു നീ.

ഭൂതകാലത്തിൻ ശവപ്പെട്ടിയും ചുമ–
ന്നാദർശമന്ത്രമുരുക്കഴിച്ചങ്ങനെ,

വൃക്ഷത്തണലിൽ സദാ പുനർജ്ജീവനം
ലക്ഷ്യമായ്, ഹാ, നീ തപസ്സുചെയ്തീടവേ,

മർത്ത്യൻദഹിപ്പൂവിശപ്പിൽ, കൊലക്കളം
മത്തടിയ്ക്കുന്നൂകബന്ധ നൃത്തങ്ങളാൽ!

കൊറ്റിനായ് വിറ്റുചാരിത്രം, വിഷാണുക്കൾ
മുറ്റിപ്പിടയ്ക്കുന്നു, ഗർജ്ജിപ്പൂ മട്ടനാം!

ഏതോ കിനാവിലെ സ്വർഗ്ഗം തുണഞ്ഞു നിൻ
ഗീതവും താങ്ങിത്തപസ്സുചെയ്യുന്നു നീ!

ഒന്നിളകീടുകെന്നോതി മരവിച്ച
നിന്നെക്കുലുക്കിവിളിപ്പൂ പുരോഗതി.

—പത്ത്—

Digitized By Kerala Sahitya Akademi

H0716

ററാ, ചലിയ്ക്കായ്കിൽ, പുരോഗമിച്ചീടായ്കിൽ
നീ ചവിട്ടേററററടിയും മറവിയിൽ!

28-2-1121.

— പതിനൊന്ന് —

Digitized By Kerala Sahitya Akademi

# പൊൻപുലരി

വെൽക നീ, വെൽക നീ മന്മാതൃഭൂവിനൊ-
പ്പുൽകിയുണർത്തുന്ന പൊന്നുഷസ്സേ!
സ്വാതന്ത്ര്യപീയൂഷവാഹിനീ, മോഹിനീ,
സ്വാഗതം ചെയ്യുന്നു നിന്നെ ഞങ്ങൾ!

എത്രയോകാലമായൊത്തൊരുമിച്ചുനീ-
യെത്തുവാൻ ഞങ്ങൾ തപസ്സു ചെയ്‌വൂ!

കർമ്മതപസ്സിതിൻ കാഠിന്യപൂർത്തിയിൽ
കണ്ണഞ്ചിച്ചെത്തിയോ ശാരദേ, നീ?

അർച്ചിപ്പൂ നിൻ കാക്കലാനന്ദസാന്ദ്രങ്ങ-
ളച്ഛങ്ങൾ ഞങ്ങൾതൻ മാനസങ്ങൾ!

നിർന്നിമേഷാക്ഷരായ് നിർവൃതിയാർന്നിതാ
നിന്മുന്നിൽക്കൈക്കൂപ്പി നിൽപു ഞങ്ങൾ!

വെൽക നീ, വെൽക നീ, മന്മാതൃഭൂവിനൊ-
പ്പുൽകിയുണർത്തുന്ന പൊന്നുഷസ്സേ!

ഒത്തൊക്കക്കോർത്തുപോം കൂട്ടുകാർക്കുസല-
റ്റൊട്ടുചെല്ലുമ്പോഴകന്നു മാറാം

—പന്ത്രണ്ടു്—

Digitized By Kerala Sahitya Akademi

ഒററവയററിൽക്കിടന്നവർ കൂടിയു-
മൊററതിരിഞ്ഞുപിരിഞ്ഞു പോകാം.
വന്ധ്യമാണദ്വൈതം, ദ്വൈതമേ ലോകത്തെ
ബന്ധിച്ചുനിൽക്കു സഗർഭയായി—
ഉജ്ജ്വലസംസ്കാരതേജോമയങ്ങളാ-
മുൽക്കർഷങ്ങൾക്കുസവിത്രിയായി—
എങ്കിലും സർവ്വവുമൊന്നാണൊടുവിൽ നിൻ
പൊങ്കതിർ മേൽക്കുമേൽ പെയ്യു,ദേവി!

വെൽക നീ, വെൽക നീ മന്മാതൃഭ്രൂവിനെ
പ്പുൽകിയുണർത്തുന്ന പൊന്നുഷസ്സേ!

വിശ്വസൌഹാർദ്ദത്തിൻ ക്ഷേമോത്സവം വാഴ്ത്തി
വിസ്തൃതാദർശങ്ങൾ വീശിവീശി,
ഉൽക്കകൾചിന്തട്ടെ ഞങ്ങൾതൻ ചിന്തകൾ
ചക്രവാളാന്തത്തെ ലക്ഷ്യമാക്കി.
ഓരോചിറകടി തട്ടിയുണർത്തീട-
ട്ടോരായിരം കൊടുങ്കാററുകളെ.
എത്തട്ടേ ഞങ്ങൾതൻ നിത്യോത്സവത്തിനാ-
യെത്രയും വേഗം സമത്വചൈത്രം
ദാരിതമാകട്ടെ മൺകട്ടമാതിരി
ദാരിദ്ര്യമെന്ന മൂന്നക്ഷരങ്ങൾ.



Digitized By Kerala Sahitya Akademi

വെൽക നീ, വെൽക നീ, മന്മാതൃഭൂമിയെ
പ്പുൽകിയുണർത്തുന്ന പൊന്നുഷസ്സേ!

നിസ്തുലനിസ്വാർത്ഥ സേവനത്താൽ ഞങ്ങൾ
നിത്യസൗഹാർദ്ദം പുലർത്തുവാനും

സ്വാന്തോത്സവം ചേർന്നു, താന്തരായ്ത്തീരാതെ
ശാന്തിയെമേന്മേൽ ഭജിക്കുവാനും,

സ്വാതന്ത്ര്യശക്തി നീയേകുന്നു ഞങ്ങൾക്കു,
നൂത്നചൈതന്യത്തിൻ പൊൽത്തിടമ്പേ!

എന്നെന്നും കാത്തിടും ഞങ്ങളുൾക്കാമ്പിലീ-
പ്പുണ്യോദയത്തിൻ സുഖസ്മൃതികൾ.

ഭംഗിയിൽ പൂത്തിടും ഞങ്ങൾതൻ വീഥിയിൽ
മങ്ങാതെ നിത്യവും മംഗളങ്ങൾ!

വെൽക നീ, വെൽക നീ, മന്മാതൃഭൂമിയെ-
പ്പുൽകിയുണർത്തുന്ന പൊന്നുഷസ്സേ!!........

5-2-1123



Digitized By Kerala Sahitya Akademi

# അവരാര്?

വരുന്നതാരാര് വരുന്നതാരാര്
　　വയറെരിഞ്ഞിട്ടും കൂട്ടർ
വരിഞ്ഞു കെട്ടിക്കൊണ്ടരതലം; പോരി–
　　നൊറിപൊരിക്കൊള്ളും കൂട്ടർ!!
　　　　　　　　　　(വരുന്നതാരാര്....)

നിരനിരയായിക്കടലിലൊഴുകും
　　തിരപ്പടപ്പുകൾ പോലെ
നഗരവീഥിയിലിരമ്പിപ്പാഞ്ഞിട്ട–
　　ഇടിനാളക്കീറുകൾ പോലെ
　　　　　　　　　　(വരുന്നതാരാര്....)

നറിതനൈരവ്യലനഗനമദ–
　　മഘനാലോലുപരായി
നനഹുതാശന സദൃശദാനക–
　　സമര ഭീകരരായി.
　　　　　　　　　　(വരുന്നതാരാര്........)



Digitized By Kerala Sahitya Akademi

വകചോദിപ്പോരെ വകവയ്ക്കാത്തോരെ–
വളച്ചുനിർത്തി, കൈച്ചൂണ്ടി
വകതിരിവിലേയ്ക്കവരെയൊന്നുപോൽ
വഴിതെളിയ്ക്കുവാൻ വേണ്ടി
(വരുവതാരവർ........)

വലിയവിപ്ലവച്ചുഴലികൾ വീശി–
സ്ഥിതിഗതികളെമാററി
വരിഷ്ഠമാകുമസ്സമത്വ പീഠത്തിൽ
മനുഷ്യജീവിതമേററി;
(വരുവതാരവർ........)

വരണ്ടുവീണ്ടിട്ടും മനശ്ശതങ്ങളിൽ–
കുതുകത്തുമഴ തൂകി
വളർന്നുപൂത്തുസൽഫലങ്ങളേകിടും
നവനവാശകൾ പാകി
(വരുവതാരവർ........)



Digitized By Kerala Sahitya Akademi

നീറുന്ന തീച്ചൂള

വിലസിതജയപടഹമാകുമൊ-
രാഷ്ട്രൈക്യക്കൊടി പൊങ്ങി
വിസ്തൃതിയതിൻ തണലിൽ വിശ്രമി-
ച്ചിരിപ്പതെന്തൊരുഭംഗി!!....
(വരുവതാരവർ........)

---

9-11-1121.

—പതിനേഴ്—

Digitized By Kerala Sahitya Akademi

മജ്ജയില്ല, മാംസമില്ല, രക്തമില്ലനോക്കൂ, ഞങ്ങൾ
മർത്ത്യരല്ല, ജീവനുള്ളോരസ്ഥിമാടങ്ങൾ.

മത്തടിപ്പൂ നിങ്ങൾ, ഞങ്ങൾ മരവിപ്പൂ—വിറയിപ്പൂ
മത്സരങ്ങൾ മദ്യപിപ്പൂ കൊലക്കളങ്ങൾ.

പീരങ്കിപ്പുകച്ചുരുൾ കരിഞ്ചടകളഴിച്ചിട്ടു
ഘോരനേത്രങ്ങളിൽ ചെന്തീജ്ജ്വാലകളാളി,

അസ്ഥിഖണ്ഡദംഷ്ട്രകാട്ടി, രക്തധാരാഭീകരമാം
ചെത്തിമാലകഴുത്തിലിട്ടലറിത്തുള്ളി

ചങ്ങലബന്ധനങ്ങൾ ചവിട്ടിമെതിച്ചു, നീളേ—
സ്സഞ്ചരിപ്പൂ സാഹസോഗ്രസമരയക്ഷി!

ഭാവിതങ്ങൾക്കില്ലയെന്നോ?—ഞങ്ങളിത്രനാളും മൂകം
ജീവിതവേദനമാത്രം ചവച്ചിറക്കി.

ഒട്ടിയോരീവയറൊന്നു തൊട്ടുനോക്കൂ!—നിങ്ങളെന്തോ
ഞെട്ടിടാത്ത, തയ്യോ, നിങ്ങൾ മനുഷ്യരല്ലേ?

നിങ്ങൾ പേർത്തും ശക്തരായി ഞങ്ങൾമാത്രം ത്യക്തരായി
നിങ്ങളുടെ രക്തയജ്ഞം സഫലമായി.

ശപ്തമൂകസഞ്ചയങ്ങൾ ഞങ്ങളുടെ നെടുവീർപ്പി—
ട്ടുണ്ട്കോലാഹലങ്ങളിൽ കേൾക്കുമോ നിങ്ങൾ?



Digitized By Kerala Sahitya Akademi

ല്ല, നിങ്ങൾ കേൾക്കുകില്ല, കേൾക്കുകിലും കേട്ടഭാവം
തെല്ലുപോലും കാട്ടുകില്ല, നയജ്ഞരല്ലേ?

ഒന്നുപക്ഷേ ഞങ്ങളോതാം—ഒട്ടിയോരീവയറുക-
ളൊന്നുചേർന്നാലതിൻ തീയിൽ ദഹിക്കും നിങ്ങൾ.

അല്ല, തിൻ തീയാളിയാളി നിങ്ങളെച്ചുട്ടെരിച്ചിട്ട-
മെല്ലിനുമേദസ്സിനേക്കാൾ കരുത്തുകൂട്ടും.

ദപ്രായകാലം നിങ്ങളുടെ നീതിയാകും വിഷവൃക്ഷം
കായിടുവാൻതടം വെട്ടിവളങ്ങളിട്ടു.

കൈക്കരുത്തുകാരണത്താൽ നിഷ്കൃപമടിച്ചടിച്ചു
കയ്പുമതിൻ കായ്കൾ നിങ്ങൾ ഞങ്ങളെത്തീററി.

പരമസ്വാതന്ത്ര്യബോധം ക്ഷയിച്ചേവം കണ്ണടച്ചു
പരതന്ത്രതയിൽ ഞങ്ങൾ ചുരുണ്ടുകൂടി.

വെറും സ്വപ്നാടനങ്ങളിലടിമത്തം ചുമന്നുകൊ-
ണ്ടറുതിയററല്ലോ ഞങ്ങളലഞ്ഞുചുററി.

നവയുഗസുപ്രഭാതകരാമൃതമേററ ഞങ്ങൾ
നയനങ്ങൾ തുറന്നുണർന്നുയർന്നു നിൽപൂ!

നവജീവൻ, നവജീവൻ— അതിന്നുണ്മുഴക്കത്തിൽ
നടുങ്ങട്ടെ, നരച്ചോരാ നീതിശാസ്ത്രങ്ങൾ.

—പത്തൊമ്പത്—

നിറന്ന തീച്ചൂള

സൃഷ്ടിശക്തിയേതനാവും നിത്യവുമാണതിനില്ലാ
നഷ്ട,മെത്ര മാത്രമെന്തുനശിപ്പിക്കുകിലും.

സംഹരിക്കും ഞങ്ങളുടെകൈകൾ നോക്കുമാറാമെന്ന
സംവിധാനസഞ്ചയങ്ങൾ സജ്ജനിറപ്പിക്കും.

എത്ര പൂക്കളെന്തി തല്ലിക്കൊഴിക്കിലെന്തുഷസ്സന്ന–
ഞ്ഞത്രമേൽ വിടർത്തിവീണ്ടും ചിരിപ്പതില്ലേ?

വാരമ്പുധിജലം ലോകംമുഴുവനും കളിപ്പിറപ്പൂ
വൻതക്കമേഘങ്ങളെയെന്നെത്രനാൾ നിൽക്കും?

ഭംഗിവാക്കു മതിയാക്കുകതുകൊണ്ടു ഫലമില്ലാ
ഞങ്ങൾവീശും കൊടുങ്കാററി തടങ്ങുകില്ല.

വർണ്ണാശ്രമവിധി നിന്നുവളം തിന്നുതഴച്ചോരി
പുണ്ണശാല പെററമണ്ണുവരണ്ടുപോയി.
ഒരുപുത്തൻ കലപ്പയാലുഴുതിളമറിച്ചിട്ടി–
ന്നൊരുമതൻ വിത്തുവാരിവിതയ്ക്കും ഞങ്ങൾ.

മന്ത്രമൊന്നുമുതകില്ല, തന്ത്രമെല്ലാം ഫലിക്കില്ലാ
യന്ത്രജാലമിന്ദ്രജാലം കാട്ടുമിക്കാലം

ആയുധരതിമഴപെയ്തീ ലോകമൊട്ടുക്കെരിയുമ്പോ–
ളീയഹിംസാ തപസ്സുകൊണ്ടെന്തുനാം നേടും?

ഗീതപൂത്തമണ്ണു ചോരച്ചുവയറിയാത്തതാണോ
ചേതനാവേദാന്തം തിന്നുമയങ്ങിയാലോ!-

—ഇരുപത്—

Digitized By Kerala Sahitya Akademi

നാളെട്ടുക്കാൻവിലക്കുന്ന നായർപൊത്താൻ വിളിക്കുന്ന
താളിയോലമുഴുവനും ചിതലുതിന്നു.

നാദബ്രഹ്മപ്പൊത്തിനുള്ളിലാരുമേതുമറിയാതെ
വേദമിട്ട മുട്ടയെല്ലാം ഞെരിഞ്ഞുടഞ്ഞു.

ജീവാത്മാക്കൾ കിതച്ചെത്തിപ്പരമാത്മാവിനെപ്പുൽകും
ഭാവനതന്നസ്ഥിവാരം തകർന്നിടിഞ്ഞു.

പാരത്രികസൌഭാഗ്യത്തിൻ കാവൽനായ്ക്കളാകുവാനോ
പാരിതിങ്കൽ മനുഷ്യരായണഞ്ഞു ഞങ്ങൾ!

തനിച്ചും,മൊത്തൊരുമിച്ചും, തടസ്സങ്ങൾതല്ലുടച്ചും
ജനിച്ചതിൻപക ഞങ്ങൾ ജീവിച്ചുവീട്ടും.

മറുനാട്ടാർപരസ്പരം മല്ലടിക്കും നേരംപാറ–
മററുകാററം പുലമ്പുന്ന സാത്വികന്മാരേ,

ഒരേവീട്ടിൽജനിച്ചവരൊരമ്മതൻ മക്കൾനിങ്ങൾ–
ക്കൊരുമിയ്ക്കാനിത്രമാത്രം വിഷമമാണോ?

മദ്യമോരോമതസരങ്ങൾ സജ്ജമാക്കാം—ദേവപാദ—
ഹൃദ്യതീർത്ഥംകൊണ്ടു നിങ്ങളെത്രയോജിച്ചു?



Digitized By Kerala Sahitya Akademi

വീറൊടെതിരിട്ടീടുവിൻ വീതശങ്കം ഹീനതയെ
വീരവാദത്തിൻെറകാലം കഴിഞ്ഞുപോയി.

ചത്തടിഞ്ഞമേന്മകൾതൻ ശവപ്പെട്ടിശിരസ്സിൽവെ-
ച്ചെത്രവാഴ്ത്തിസ്തുതിയ്ക്കിലുമെന്തൊരു മെച്ചം?

നാളെയെന്ന നാമെടുത്ത കാലവല്ലിപടർന്നേറാം
നാമതിനെ നനയ്ക്കുക ജീവരക്തത്താൽ!

ഇന്നലത്തേക്കാളും ഭേദമിന്നു, ന്യൂന,മിന്നത്തേക്കാൾ
നന്നുനാളെഞങ്ങളേവം പുരോഗമിപ്പൂ.

നവമൊരുശുഭലോകം രചി,ച്ചതിൽമനുഷ്യത്വം
നടമാടുന്നതുനോക്കിരസിയ്ക്കും ഞങ്ങൾ!!

—ഇരുപത്തിരണ്ട്—

Digitized By Kerala Sahitya Akademi

# ഗളഹസ്തം

ഗളഹസ്തം ചെയ്യുംപോൾ ഗളഹസ്തം!—അല്ലല്ലാ
ഗളഹസ്തം വെറുമൊരു ചൊറിക്കരത്താണോ?
ഗളമുണ്ടുകനിയാത്ത ഗളമുണ്ടുഗഞ്ജിക്കും
ഗളമുണ്ടതിലൂടൊത്തിടിവെട്ടും ഞങ്ങൾ.

ഞാത്തുകെട്ടുറക്കം വിട്ടുണരുന്നവാപൊളി—
ച്ചുതുമിതും പിച്ചുകഥിപ്പു നിങ്ങൾ.
ചോരപൈതൽ മാതിരി ചിരിതൂകി, സപ്ത[illegible]
മറയുടെ മൂലനാലും നുണവൂ നിങ്ങൾ.

ഇടയിൽ വസിഷ്ഠനും വാല്മീകിയുമേകമ—
ത്തൊടലിപ്പുഴമുമിനീരിലലിപ്പൂ നിങ്ങൾ!
ഗളഹസ്തം ചെയ്യുംപോൾ ഗളഹസ്തം!—ഞങ്ങൾക്കു
ഗളമുണ്ടൊരുകൈയൊന്നുയർത്തു നിങ്ങൾ!.

അല്ലല്ലാ തളർവാതം വന്നുവോ?—ഹാ, നിങ്ങൾ—
ക്കെല്ലില്ലേ? സിരകളിൽ ചോരയില്ലേ?
ഇതുമാററാൻ നോക്കുകൊന്നാദ്യമായ്, വേണെങ്കി—
ലതുവരെയുമീഞങ്ങൾ കാത്തുനിൽക്കാം.

ഗളഹസ്തം ചെയ്യുമ്പോൾ ചെയ്യുവിൻ കാണട്ടെ
ചളുപളെനിന്നെന്തിനിദം വീരവാദം?



Digitized By Kerala Sahitya Akademi

സാരസ്യം നുകരുവാൻ പനയോലക്കെട്ടുകളിൽ
സാഹിത്യം പരതും സന്യാസിമാരേ
ഇതുവാണീദേവി തന്നൊരുമുലയല്ലറിയുവി–
നഴകിലതിൻകണ്ണൊന്നു ഞെരടിനോക്കാൻ.

സാഹിത്യസിംഹമിന്നതുകൊല്ലും നിങ്ങളെ
സാമ്പ്രദായക്കാരേ പറപറക്കിൻ!

കവിതകടക്കണ്ണേറാൽ ചിലർനിങ്ങളെയെങ്ങാനും
കപിയാക്കുമൊരുകള്ളക്കമനിയാകാം.

അവരുതൻമൂക്കെള്ളിൻ പൂവായിടാം കണ്ണുകൾ
കുവലയമാകാം ചുണ്ടമൃതമാകാം.

ഞങ്ങൾക്കാ കവിതയൊ "രവള്ള"മ"ല്ലതു"മാത്രം
ഞങ്ങളതുനിങ്ങൾതൻനേർക്കുവീശും.

അതുഞങ്ങൾക്കായുധമതിനിശിത മായുധം
അഴിമതികൾക്കരുളുവാൻ കണ്ഠവേധം.

കവിതാകാമുകരല്ല കവികൾ കവിതായുധർ
കരളുററം കുത്തുന്ന കർമ്മയോധർ

ഒരുവരെഗ്ഗളഹസ്തം ചെയ്താട്ടിയോടിപ്പതാ–
രമനാപ്പൂങ്കളിത്തത്തകളോ?

കലരുന്നതു ഞങ്ങൾതൻ ശബ്ദത്തിൽ ഞങ്ങൾതൻ
കരളിലെച്ചോരയാണോർമ്മവേണം.

—ഇരുപത്തിനാല്—

Digitized By Kerala Sahitya Akademi

ഒരുവരിയിൽ ഞങ്ങൾതന്നൊരുവരിയിൽ ഗർജ്ജിച്ച
തൊരുലക്ഷം ശബ്ദമാണെന്നോർമ്മവേണം.

പാടിത്തരുമോ ഒരാവരി പാലുംകുടിച്ചുറവ–
പാടാൻപരിശീലിച്ചവരല്ല ഞങ്ങൾ.

ഒരുപത്തടിപ്പോവും മുമ്പുയിരററുപോവുംമാ–
ററാലികളല്ലഞങ്ങ,ളറിയിൻ നിങ്ങൾ.

പിരമിഡ്ഡുകൾ പണിതന്നാൾ കടലിലെക്കാററുകൾ
പിടിയിളക്കിപ്പലതും പിറുപിറുത്തു.

ചിലതോണികൾ പണ്ടെങ്ങോമുക്കിയ വീമ്പടി–
ച്ചലയുമവരൊരുമിച്ചു സംഘടിച്ചു.

ഗമയിലവരൊന്നിച്ചൊരായിരം പ്രാവശ്യം
ശള്ളഹസ്തത്തിനുവേണ്ടി താററകൂത്തു.

എന്നിട്ടോ?–പിരമിഡ്ഡുകൾ തവിട്ടുപൊടിയായല്ലോ
മന്നിലിക്കഥയെന്താ പുത്തരിയോ?

ഉൽക്കർഷപ്പിരമിഡ്ഡുകളീജിപ്റ്റിലല്ലുലകി–
ലൊക്കെയുയർത്താൻ ഞങ്ങളുദ്യമിപ്പൂ.

വിജയിപ്പൂതാക നീ സർവ്വോൽക്കർഷേണചിരം
വിജയിപ്പൂതാകശള്ളഹസ്തമേ, നീ!

*        *        *        *

— ഇരുപത്തഞ്ച് —

Digitized By Kerala Sahitya Akademi

സുദിനങ്ങൾകൊയ്യുവാൻ സഹനസത്യങ്ങളെ-
ഹൃദയം വിതയ്ക്കുന്ന സമിതികളേ,

പരമാർത്ഥം പറയാമോ?-ഒദർകൊണ്ടും പൊരിയാതെ
പരമതം കപടങ്ങളോ?-പറയൂനിങ്ങൾ!

അസമത്വത്തെറിയിലധോഗതി നെയ്യാതൊതൊരാമി-
ച്ചരിവാൾകൊണ്ടുഹൃദയം കൊയ്താൽപ്പോരേ?

അകലത്തി, ലുയരത്തി, ലതിരററഗഗനത്തി-
ലതിസൂക്ഷ്മദൃഷ്ടിയോടലയുവോരേ,

ശതവർഷം പലതായി പഴകിയസംസ്കാര-
ശവഗന്ധം ചികയുവാൻ തുനിയരുതേ!

കൊന്നോളൂ ഞങ്ങളെ വേണെങ്കിൽ ചുററിസ്സ്വാ-
റൊന്നാലുമെട്ടുക്കല്ലേ കാവിവസ്ത്രം!

അന്നമയം ജീവിത മാത്മാവിനെയോർക്കുന്നു
പിന്നെയാണന്നത്തിനു വഴിതെളിയ്ക്കൂ!

അതുകഴിഞ്ഞാകട്ടെ ഭജനകളും കോവിലു-
മരുതുവിശന്നി,ട്ടാദ്യമന്നമേകൂ!

അട്ടകളായ്ച്ചുരുളുന്നോരഗ്നികളായലറുന്നോ-
രത്ഭുതമാണാഹാര മറിയിൻ നിങ്ങൾ.

അതുചുട്ടും നിങ്ങളിപ്പറയുന്നോരാത്മാവി-
ലതിൽ വലുതൊന്നുണ്ടെങ്കിലതിനെപ്പോലും!

—ഇരുപത്താറ്.—

Digitized By Kerala Sahitya Akademi

തടവല്ലേ ഭക്ഷണം തടവല്ലേ ഭാഷണം
തടവറയിൻ ദൂഷണം തരുവിൻധാന്യം!

തവിട്ടുപൊടിയായിപ്പോം നിങ്ങളും, നിങ്ങൾതൻ
തന്നാലുകളും, അല്ലെങ്കിൽ ഏറ്റുകൊണ്ടുവിൻ!

വേദാന്തംകൊണ്ടു നിറപ്പാറമേൽ—വെള്ളവെള്ളു
വേദത്തിൻമണ്ണിലും നീരൊഴുകും.

മാവേലിനിഹരിച്ചു, മാമാകം വികസിച്ചു
മലനാട്ടിൻകണ്ണിലും മഷിയിളകും.

വഴിയതിനേകല്ലേ, വക്കാണം കൂട്ടല്ലേ,
വഴിമാറുമുന്നോട്ടു പോട്ടേ ഞങ്ങൾ.

വളരെയിനിപ്പറയല്ലേ, ചുടുകൊന്നുനിങ്ങൾതൻ
വഴിവക്കിലെയിപ്പീറപ്പക്ഷിശാസ്ത്രം.

ഒരുമത്തുപിടിപെട്ടു മതികെട്ടു—നിങ്ങൾക്കിനി
മഴമാത്രം, സ്മൃതിസൂത്രശാസനമാത്രം.

അല്ലല്ലതിലും വലുതാ,ണാത്മാവിനുവളമേകാൻ
സ്വർല്ലോകമൊഴുകുന്ന പവിത്രതീർത്ഥം!

പെരുമാക്കന്മാരുടെ കഴൽനക്കിച്ചുണകെട്ട
തിരുനാവായ്ക്കപ്പുറവുമുണ്ടുലോകം

നിളയേക്കാൾ കഥപറയാൻ കഴിവുള്ളനദികളും
പുളിനങ്ങളുമിന്നുമുണ്ടീ ജഗത്തിൽ.

—ഇരുപത്തേഴ്—

Digitized By Kerala Sahitya Akademi

ഒരുകരളുമല്ലൊരു നാകലോകം സൃഷ്ടിക്കാ–
നൊരുമയെപ്പുണരുവോരാണു ഞങ്ങൾ!

മനമെന്നൊന്നുണ്ടെങ്കിലതിനോടു ചോദിയ്ക്കൂ
മാവിരിക്കാർ നിങ്ങൾ മനുഷ്യരാണോ?

മരണം നടമാടുന്നു, ശവമഞ്ചത്തിനെച്ചീയുന്ന
മയിലാഞ്ചിയരയ്ക്കുന്നോ രാമരാജ്യം?

ചോരച്ചുവയറിയാത്തതല്ലല്ലോ ഭാരതം
ചോദിയ്ക്കു ചരിത്രത്തോടതു പറയും:—

അതു പറയും:–"ചോരതളിച്ചു വിതയ്ക്കായ്കിൽ
കതിരുകൾമുഴുവനും പതിരായ്പ്പോകും!........"

യന്ത്രത്തോക്കലറുമ്പോ,ളാറ്റംബോംബെറിയുമ്പോൾ
മന്ത്രങ്ങൾവിളിയ്ക്കുന്നോ മണികിലുക്കാൻ?

പറയുമതുനേടിടാം പലതുമെന്നദ്വൈതം
പറയും—അതുപക്ഷെ പതിരുമാത്രം.

അതുനേടിയതാണല്ലോ നമ്മൾക്കിപ്പട്ടിണിയും
ഗതികേടും—മതിയാക്കുക വീരവാദം.

പരിഹാസച്ചിരിതൂകുമതുകേട്ടു പരമാർത്ഥം
പകപോക്കുക, പോക്കാത്തതാണനർത്ഥം.



Digitized By Kerala Sahitya Akademi

മറവികൾ, മാപ്പുകൾ—മർത്ത്യനൊവഞ്ചിയ്ക്കും
മതമണൽക്കാട്ടിൻ മരീചികകൾ!

അവയെപ്പിൻതുടരല്ലേ, കഴയുമക്കാലുക–
ളുവശരായ് നിങ്ങൾ മലർന്നടിയും.

പരമാർത്ഥം പരുപരുത്തുള്ളതാമീലോകം
പരലോകമൊരുവെറും സ്വപ്നലോകം.

അതിനായിട്ടദ്വൈതം ചികയല്ലേ, നിങ്ങൾക്ക
ചതിപറ്റും—മണ്ണിന്റെ മഹിമക്കൂട്ട്!

മണ്ണാണുനരനവനു മണ്ണിനോടാണിഷ്ടം
വിണ്ണിൻകൈവിഷ മവനേകരുതേ!

പച്ചവിരിപ്പാടത്തു പശുക്കേറിയനേരത്തു
പത്തലൊടിച്ചീല നാം പാനപാടി

കണ്ടില്ലേ പത്തായം ചിതൽമുറ്റിയ,തെന്നിട്ടു
മിണ്ടുമ്പോൾ ഗന്ധർവ്വൻ തുള്ളിയാലോ!

നന്മനിറഞ്ഞൂറിയ നാമ്പറ പണ്ടെങ്ങാനും
പൊന്മുട്ടകളൊട്ടധികമിട്ടിരിയ്ക്കാം.

അതുപക്ഷെ ജീവിയ്ക്കാനനുവദിച്ചില്ലല്ലോ
അഴിമതികുത്തിയിറക്കിയല്ലോ!

—ഇരുപത്തൊമ്പത്—

Digitized By Kerala Sahitya Akademi

എന്തിനിനിപ്പൊക്കിപ്പിടിപ്പതിത്തൂവലുകൾ
ചിന്തയ്ക്കുചിരിവരുമിന്നതുകാണുമ്പോൾ!

ബിരിയാണിമറിയുന്ന വയറേവം പറയുന്നു:—
വരികൊന്നിഗ്ഗീതയിലെ വരിവായിയ്ക്കൂ!

അറമെന്നൊന്നില്ലൊക്കെദ്വൈതം മാത്രം! മറവുള്ള
തഖിലമജ്ഞാനത്തിൻ തോന്നൽ മാത്രം!........"

എരിയുന്ന വയറതുകേട്ടലറുന്നു:—"തീയിലേ—
ക്കേറിയിനൊട്ടത്താക്കീറക്കാവിവസ്ത്രം!........"

ചത്തുചീഞ്ഞളിയുന്ന മാംസങ്ങൾ പട്ടിണിയിൽ
തത്വമസിയ്ക്കുണ്ടുപോൽ സെൻറുകുപ്പി!

പറകളിൽ പകുതിയിലധികവും വലകെട്ടി
പറയുകൊന്നവയാണോ നിറപറകൾ?

അവയായിരിയ്ക്കുകയില്ലതുശരിയാം, ഞങ്ങൾക്കേറെ
നിറപറക,ളവ ഞങ്ങളുടിച്ചുടയ്ക്കും.

അവയിൽനിന്നുതിരുമാനെന്മണികൾ കണ്മണികൾ
അവശതകൾക്കവരാദ്യമൊരുമ്മയേകും.

അതുകഴിഞ്ഞവരുടെ വയറിലെത്തീകെട്ട—
ത്തവരെ യറവർ താങ്ങിപ്പിടിച്ചുനിർത്തും.

—മുപ്പതു്—

Digitized By Kerala Sahitya Akademi

അതുകഴിഞ്ഞവരല്പംശ്വാസംവിട്ടനേര—
മവർ ചെവിയിൽ മന്ത്രിച്ചുമിപ്രകാരം:—

‘‘സമതയുടെ സന്ദേശം പുഷ്പിച്ചു, സ്വപ്നങ്ങൾ
സകലം ഫലിച്ചു—സമാശ്വസിയ്ക്കൂ.

ഊട ഞങ്ങളെയിന്നോളമറകളിൽ സ്വാത്മത്തിനു
തടിവെട്ട്യാനൊരുമിച്ചടച്ചുപൂട്ടി.

ഇനി നിങ്ങളുഴറാതെ തളരേണ്ട—ചെങ്കൊടിതൻ
ധ്വനിതന്നു ഞങ്ങൾക്കു ശാപമോക്ഷം!

ഞങ്ങളിനി നൊന്മണികൾ നിങ്ങളുടെ കണ്മണികൾ
നിങ്ങളുടെ കണ്മണികൾ നൊന്മണികൾ!

ഞങ്ങളിനിപ്പിരിയില്ലാ നിങ്ങളെപ്പിരിയില്ലാ
ഞങ്ങളെ നിങ്ങളും—ഇനിയാണോണം!........”

*　　　*　　　*

ചെങ്കൊടിതൻ ധ്വനിയിലൊരു സാന്ത്വനം [രക്തത്തിൻ:—
കുങ്കുമം പച്ചകളിൽ പവിഴം ചാർത്തും!’’

വിളവെടുപ്പാകട്ടെ, വെമ്പല്ലേ, ഞങ്ങളെ—
ഉള്ളഹസ്തം ചെയ്തോളൂ പിന്നെ നിങ്ങൾ!!........

*　　　*　　　*

—മുപ്പത്തൊന്ന്—

Digitized By Kerala Sahitya Akademi

മരണം കൊണ്ടെന്നെ ഞാൻ വരിക്കുകയാണന്നദിനം
മമ ശബ്ദമിടിവെട്ടു, മിടിവാൾ വീശും

സമത തൻ സമരത്തിനെന്നാത്മസിദ്ധികൾ
സകലം സമർപ്പിപ്പാൻ സന്നദ്ധൻ ഞാൻ!

അതിലിനി ഞാനേഴലുകില്ലലവ, മെൻതീപ്പൊരിക–
ളഴിമതിയെപ്പൊള്ളിക്കു മനീതി വേവും.

അതിനെന്നെഗ്ഗളഹസ്തം ചെയ്യുകിൽ, ചെയ്യുവാ–
നണയുവിൻ വേഗ മെന്നറിയണോരേ!!



Digitized By Kerala Sahitya Akademi

# ചുട്ടെരിയ്ക്കിൻ

ഈടുയുടെ സംസ്കാരപ്പ്രാഭയാലൊക്കെയൊക്കെ
പ്പൊടികെട്ടിപ്പുഷ്കലമായിച്ചിതലുമേററി.

ചിരിക്കുന്നോ— ചിരിവരും—ചിലതിനിയുമുണ്ടെന്നോ?
ചിതയിലേയ്ക്കവയെടുത്തെറിയൂ വേഗം!

അറിയാനിനിയുലകിൽ നമുക്കുള്ളതെന്തെന്നോ?
പറയാം ഞാൻ —അറിവാളിൻ തത്വശാസ്ത്രം!

ഭരണ്ടെരിയുംസമരതീവ്രരെരിയും സമയത്തീ
ക്കപ്പുറവും വേദാന്തമാക്കവേണം?

ഉലകിതിൽക്കാണുമിനിതിരുമുറയാത്തൊരുമ്പോഴ—
മുഖംപിടിക്കണം പോലും നാം രാമനാമം.

അതുശരിയാണെന്നു ചിലരൊന്നുരുവിട്ടാലരമനാകരം
ക്കരുത്തുകാട്ടുലർ ശരനൊരായിരപ്പിരിയാടാം.

രാമരാജ്യപദഭാഷയിൽ വെള്ളിപാടുവിളിക്കുന്ന—
തതിനായിട്ടാണല്ലോ രാമരാജ്യം.

സ്വപ്നത്തെമശ്ശുക്കരെന്നന്നയുവോർ നമ്മുടെ
സ്വത്തൊന്നിടെ?—വാങ്ങിയ്ക്കാനാണിനിയ്ക്കുക!

—മുപ്പത്തിമൂന്ന്"—

Digitized By Kerala Sahitya Akademi

ഒളിയമ്പിനു വിരുതനാം ശരവീരൻ ശ്രീരാമനു
വിളയാടാനുള്ളതല്ലിനിയീലോകം.

ഇതുവരെയും, ഹാ, നമ്മെ വഴിതെറ്റിച്ചുഴൽമുറ്റി–
ച്ചിവിടംവരെ യെത്തിച്ചു കാവിവസ്ത്രം.

ഇനിയുമിതിൻപുറകേയോ?– തിരിയുവിൻ, തിരിയുവിൻ,
ഇനിയല്ലേ നിഴലുകളെ പ്പിൻതുടരാൻ!

ഭജനകൾ പാടി നാം, ഭസ്മക്കുറി ചൂടി നാം,
ഭരദേവതമാരുടെ പടിയും കാത്തു.

വയറെങ്ങിനെയിപ്പോഴും?– (പവിഴക്കതിരിടുമാറാം
വയലുകൾ!)– വയറൊട്ടിവരളുന്നെന്നോ?

വരളും, വരളും നിങ്ങൾക്കിനിയും വരളും, നിങ്ങൾ
വനവീഥിയിലേക്കുള്ളീവഴിയേപോയാൽ!

പരലോകപ്പാറ്റകൾ കരളുമാമോക്ഷത്തിൻ
പതിരിനായുള്ളൊരിപ്രാണദാഹം,

പരമ്പരാസിദ്ധിത്തം—പരമാർത്ഥമിതുമാത്രം
പരുപരുത്തുള്ളൊരീമണ്ണുമാത്രം.

അടിയുറച്ചതിൽ നിൽക്കുവിൻ,നതിനായ്പ്പടവെട്ടുവിൻ–
മടിയുവിനൊടുവിലതിലതിനു വേണ്ടി.

—മൂട്ടത്തിനാലു്—

Digitized By Kerala Sahitya Akademi

അതിൽനിന്നും പിളരട്ടെ, വളരട്ടെ, പടരട്ടെ,
ശതസഹസ്രാശയസഞ്ചയങ്ങൾ!

അവയേകും സന്ദേശ മവ നൽകും ഗോത്രത—
മാശതകൾ നീക്കമീയവനിക്കാകും!

അറിവുറിൻ മതമണ്ഡലമിതുവരെ സൃഷ്ടിച്ചൊ—
രഖിലദൈവങ്ങളും ചത്തുപോയി.

മരവിച്ചു ദൈവങ്ങൾ—മതിയിനിയുഴിയലും
മണിയടിയും—വിടരില്ലാമിഴികൾ വീണ്ടും.

ഒരു ദൈവവുമില്ലിപ്പോളുള്ളതീലോകത്തി—
ലൊരുമയില്ലാത്ത മനുഷ്യർ മാത്രം.

അല്ലല്ലവരെത്തമ്മിൽത്തല്ലിച്ചു തലതച്ചു
കൊല്ലും വേതാളങ്ങളുമുണ്ടസംഖ്യം.

അവരെ പ്പിടികൂടുവാനവർതൻ തലകൊയ്യുവാ—
നവശരെക്കാക്കുവാനണിനിരക്കൂ!

പിന്നെയീലോകത്തിൽക്കാണുന്നതുകൈകോർ—
ത്തൊന്നായി നിൽക്കും മനുഷ്യർ മാത്രം—

ഉണ്ണാനുഴറീടാതീമണ്ണിനെപ്പൂജിച്ചു—
വിണ്ണിവിടെ നിർമ്മിക്കും മർത്ത്യർ മാത്രം—

—മുപ്പത്തിഅഞ്ച്—

Digitized By Kerala Sahitya Akademi

അതിനായിട്ടുള്ളതാണിവിടത്തിൻ സ്വത്ത്, ച്ചി—
ലതിൻവാളിൻ പൊന്മണി നിറവും തങ്കശാസ്ത്രം!

മനമലിഞ്ഞൊഴുകുവാൻ മടികാട്ടും കൈകളിൽ
മനുജപ്രയത്നം വിലകെട്ടുപോയിട്ടും.

പുഷ്കലമാമൃതുവാനിൽ കിട്ടാം—നാളെയെന്നാൽ
പുതുലോകമെത്തും നാം, പുളകം ചാർത്തും!

മൃത്യുവിൻ നമുക്കുള്ളതല്ലൊരുനാഴിക—
ക്കൊടിയ ധനലാഭത്തിൻ രാമരാജ്യം.

ഉണ്ണാനില്ലൊരുനേരമുടുക്കാനില്ലി പ്രാണ—
ദണ്ഡത്തിൻ കരളെരിയും വറുതിയിലും,

സന്യാസപ്പേപ്പേച്ചും വേദാന്തങ്ങളും! —ഹൃ—
ത്തന്യായം—ചുട്ടുകൊന്നീയാഷ്ടതാപം!

മറവുടെ മാളത്തിൽ മദമാർന്ന ചീറുമീ—
മണിമൂട്ടും സർപ്പത്തെ മടിയിൽവെച്ചാൽ,

അതുകൊത്തും, സിരതോറും വിഷരക്തം കത്തും, മാ—
മൃതിയെത്തും ഹാ നമ്മെ മണ്ണിലാഴ്ത്തും.

—മുപ്പത്താറ്—

Digitized By Kerala Sahitya Akademi

മഹത്ത്വം—മറിയൊട്ടുമില്ലെന്നുള്ളലമഴി–
മഹത്ത്വം പേറുകയാണിൻ, മിഴിനീരാക്കിൻ.

അഴകേറും വയലറ്റു മഷിയിലല്ലെഴുതിയി–
ലെഴുതുന്നു നിങ്ങളോടെൻ ഗദ്ഗദം ഞാൻ!

പറയുന്നു നിങ്ങളോടെൻ ഹൃദയത്തിൻ ഭാഷ ഞാൻ!
പറയുന്നു നിങ്ങളോടെൻ ചുരകഥം ഞാൻ!—

പൊട്ടിത്തെറിയിൻ നിങ്ങളിലൊരാളും നിങ്ങളോടെൻ
നാട്ടിലെ നിലവിളിയാണെന്നും!

ചിതൽ തിന്ന ഓടയുടെ പനയോലക്കെട്ടൊക്കെ
ചിതയിലെരിയിച്ചേറിയുവിൻ!— ചുട്ടെരിക്കുവിൻ!!. . .



Digitized By Kerala Sahitya Akademi

# പാടാറാം പാടില്ലേ?

രണ്ടീററക്കുഴലുകളൊരു കൈമണിയൊരൊററ
ചെണ്ടയും രണ്ടു കട്ടംതുടിയും;

ഇവ മാത്രം—വിററിക്കുകയാണങ്ങൊരാതിരരാവാ
സവിലാസഗന്ധർവ്വനാഗരമൊന്നിൽ!

ആറാളുകളൊരുമിച്ചൊരു സംഗീതപ്പുഴയിരമ്പി—
ലാറാടുകയാണിപ്രപഞ്ചമെല്ലാം.

മതി കവരും വിവിധതരലയതരളനിസ്വനം
മദഭരിതനർത്തനം മധുരഗാനം.

പുലമാടമല്ലിതു പുലയന്മാരല്ലവർ
പുളകത്തിൻ നാടവരോ ദേവദൂതർ . . . .

മലനാട്ടിൽ മകരമെത്തി, കളമെല്ലാം മെതിയാർന്നി
പുലയ്ക്കു മനസ്സിൽ പൂക്കാലമെത്തി.

കഠിനപ്രയത്നത്തിൽ മുരടിച്ച ജീവിതവും
കലയുമ്മവെച്ചപ്പോളാ പുളകം ചാർത്തി

ഒരു രാത്രിയിൽ മാത്രം! മതി, പൊയ്ക്കൊള്ളും നാളെയൊ
പ്പൊരിവെയിലിൽ വയലിലവർ കട്ടതല്ലാൻ.

—മുപ്പത്തെട്ട്—

Digitized By Kerala Sahitya Akademi

## നീറുന്ന തീച്ചൂള

ഒരു രാത്രിയിലെങ്കിലും നിങ്ങൾതൻ സ്വപ്നങ്ങ
ളൊരുശകലമെങ്കിലും സ്വാദുറ്റാക്കാൻ

അരുളുക സമ്മതം മേലാളരേ നിങ്ങ-
ളറിയുമൊന്നോർക്കുക മനുഷ്യരല്ലേ?

രക്തവും മാംസവും സ്പന്ദിക്കും ഹൃദയവും
സ്വപ്നഭ്രമവുമവർക്കുമില്ലേ?

മത്സ്യക്കറിമദ്യത്തെളി സംഗീതസുരതമീ-
ഘൃതസാരരാത്രിയിവർക്കെത്രഹൃദ്യം!

കുളിർമുലകളിളകിയും കടമിഴികൾ കുഴറിയും
കടിലായതകനാളുമൂന്നാലഞ്ചും

ഉല്പകങ്ങന്നസ്വാനങ്ങൾക്കൊപ്പിച്ചു ചുവടൊ-
ച്ചുപറിതമധുരഹൃദയകല്ലാസ്യം

അതിചപലപ്രാകൃതനാടനാങ്ങളാടുന്നി-
ന്നുദിതരസമാരുടെ പെൺകൊടിമാർ.

ഞൊന്നമൊരുതൊണ്ടു കുടിപ്പൂകിലോ ...തിസ-
ഗ്ഗാനപ്രവാഹത്തിലൊഴുകുകില്ലേ

— കുപ്പത്തൊനാത്ത് —

Digitized By Kerala Sahitya Akademi

സകലവും വിസ്മരിച്ചപ്പൊൻകൊടിമാറൊന്നു
സരസം കൈകോർത്തുനിന്നാടുകില്ലേ!!....

ഒരുരാത്രിയിൽമാത്രം—മതിനാളെയ്ക്കീ മൺതടി
മാറിപ്പോകില്ലെന്നാരറിഞ്ഞു?......

മാറിപ്പോം, മറിപ്പോം—നാളത്തെ ലോകത്തിൽ
മാറികളല്ലല്ലീ നമ്മളെല്ലാം?

വൃന്ദാവനാംഗണത്തു, വ്രജസുന്ദരിമാരാൽ
നന്ദാത്മജനായി ഞാൻ നൃത്തമാടീടുകിൽ

മതിമോഹമേ വിഭ്രമം, തടയുന്ന സംഭ്രമം
ചതയുന്ന ചിത്രവർണ്ണകലാപ്രണയം!

കന്നിയിലും തിങ്കളുമക്കോമളതാരകളും
കല്ലോലരജതമാലാഹാരകളും.

തലയാട്ടും തരുനിരകളും തെന്നലതിൻ പശ്ചാ–
ത്തലവും ഹൃദയോത്തേജകമായിരുന്നു.

ശശികിരണരേഖകളെന്നിൻ കുളിർമുല്ലപ്പന്തലിൽ
രേഖലിതച്ഛായാ വിലാസിനികളും



Digitized By Kerala Sahitya Akademi

നീറുന്ന തീച്ചൂള

40714

ആദരോടിടചേർന്നു കൈകോർത്തുനിന്നന്നവർ–
ച്ചമരാത്മകമാസുര നൃത്തമാടി.

അതിനുലയമേകുവാനെന്നപോൽ രാക്കിളികൾ
മതിമറന്നങ്ങനെ പാട്ടുപാടി.

അവ്യക്തരൂപികൾ ദേവതകളൊരുവശം
ദിവ്യരെൻസോദരർ മറുവശവും

ഇവരുടെ മധ്യത്തിലെന്മനസ്പന്ദങ്ങൾ
കവിതകുടിച്ചു മദിച്ചുനിന്നു.

തളരുന്നതില്ലാരും—പിന്നെയും സംഗീതം
തരളായതമിഴിമാരുടെ നൃത്തഭേദം

പുതുമ വന്നനുനിമിഷം കലയെപ്പുണരുമീ–
പ്പുളകത്തിൻരാവേ നീ പുലരരുതേ!

ഇവരിപ്പോൾ ഗന്ധർവ്വർ—പുലർവെട്ടം വന്നാലോ?
ശിവനെ ഞാൻ ഞെട്ടിത്തെറിച്ചുപോയി!........

“ആരാണെട സാത്ഥനോ?–പിന്നിൽനിന്നൊരു ശബ്ദം
കോതപ്പുന്ന മയക്കമുണ്ടോടാ, ഫൂ!”



Digitized By Kerala Sahitya Akademi

ഗാനം നിലച്ചു—പൊട്ടുന്നതാവാം ഞരമ്പാം
താളം നിലച്ചു—പകച്ചു ഞങ്ങൾ.

കഷ്ടമിക്കമനീയ സ്വർഗ്ഗത്തിൻ നടുവിലൊരു
കട്ടുറുമ്പെന്തിനിതു ചാടിവീണു?........

ചെണ്ടനിലം പററി കടും തുടികൾമിണ്ടാതായ്
രണ്ടീററക്കുഴലുകളും മൂകമായി!

അലറുന്നുകട്ടുറു“മ്പെന്തെടാ ഫട്ടികളേ
നിലവിട്ടീത്തുള്ളുന്നതു, ഴാത്രിയല്ലേ?

ഫേക്കുളത്തുകൾകാരണം ഫാതിരയായാലും
ഖേക്കാൻപാടില്ലല്ലോ ഴെരകിടും കണ്ണും........

ഖുടിതന്നെ ഖുടിഖള്ള ഖഴവേഴികൾ—ഫോ,ഞെളിന്നാ
ഠഴിയിൽക്കിടക്കണ്ണൊഴാക്കാഴുതള്ളു്!.......

“അടിയങ്ങൾ”—എല്ലാരും—നടകൊണ്ടുകുടിൽക്കൂട്ടത്തോ –
ടുടയോനും പിന്നാലെ യാത്രയായി.......

കന്നിയിളം പൂന്തിങ്കൾ മാഞ്ഞുലസൽചരായകളു –
മൊന്നുചേർന്നങ്ങോ പറന്നകന്നു.



Digitized By Kerala Sahitya Akademi

നക്ഷത്രനിചയം നിശ്ശബ്ദരായന്ധകാരത്തിൽ
വീർപ്പിട്ടുനിന്നൂ തരുനിരകൾ!

കവിതകുടിച്ചു പുളച്ച മൽസ്വപ്നങ്ങൾ
കനത്തിൻ കരിനിഴലിൽ വീണടിഞ്ഞു.

ഒരുരാത്രിയിലൊരു കോണിലിരുന്നൊന്നാപാടാനു-
മരുതേകുന്നോ പാറങ്ങൾക്കിജ്ജഗത്തിൽ?



Digitized By Kerala Sahitya Akademi

# വെളിച്ചം വരുന്നു.

വഹ്നിൽനിന്നുമെരിഞ്ഞുയർന്നാളി–
ച്ചിന്നുമിത്തീപ്പൊരികളെക്കണ്ടോ?
ചൂട്ടുപോരെന്നോ?—തൊട്ടൊന്നുനോക്കൂ
പേടിതോന്നുന്നോ?—സംശയം തീർക്കൂ!

പോയനാളിൻ ചുടലകളം ചികി
പേയു തീർക്കുന്നതല്ലെൻെറ ശബ്ദം.

മാററിടിഞ്ഞു തളർന്നമറയും
മാറെറാലിയല്ല മാമകശബ്ദം.

നിർഗ്ഗളിക്കുമതിൻ ഹൃത്തിൽ നിന്നും
സർഗ്ഗചൈതന്യ സ്പന്ദങ്ങളെന്നും.

ഹീനമാമൂൽമതിലുകളെല്ലാം
ഞാനിടിച്ചു തകർത്തു കുതിക്കും.

നീ ചതിയിൽ തടിച്ചുതഴയ്ക്കും
നീതികളാം ഞാൻ ചവിട്ടിമെതിക്കും.

ഗർവ്വിഴയുമസ്സാമൂഹ്യശൈലം
സർവ്വവും ഞാനിടിച്ചു പൊടിക്കും.

മേൽക്കുമേൽ മാനവോൽക്കർഷമാം
മാർഗ്ഗമോരോന്നു വെട്ടിത്തെളിക്കും!

— നാല്പത്തിനാലു് —

Digitized By Kerala Sahitya Akademi

അബ്ദകോടികൾ കൈകോർത്തുവന്നി-
ട്ടുഗ്രഖഡ്ഗമിതെൻ കയ്യിലേകി.

എന്തിനാണെന്നോ?—ചെന്നിണം പോലും
ചിന്തിയെൻ്റെ നാടെൻ്റെ നാടാക്കാൻ!

വഞ്ചനയൊത്ത പൂണുനൂൽ തൊപ്പി-
ക്കുഞ്ചലങ്ങളറുത്തു മുറിയ്ക്കാൻ.

മർത്ത്യനെ മതം തിന്നാതെ കാക്കാൻ
മത്സരങ്ങളെ മണ്ണടിയിയ്ക്കാൻ

നിഭ്രമങ്ങളെ നേർവഴികാട്ടാൻ
നിശ്രമങ്ങളെ തട്ടിയുണർത്താൻ

വേലകൾക്കു കരുത്തുകൊടുക്കാൻ
വേദനകൾക്കു ശാന്തിപൊടിയ്ക്കാൻ

തൽസമത്വജ സാമൂഹ്യഭാഗ്യം
മത്സരിയ്ക്കാതെ കൊയ്തെടുപ്പിയ്ക്കാൻ

നിസ്തുലോൽക്കർഷ ചിഹ്നമായ് നിൽക്കും
നിത്യതൃപ്തിതൻ ചെങ്കൊടിനാട്ടാൻ!

ശപ്തജീവിത കോടികൾവന്നി-
ട്ടുഗ്രസീരമിതെൻ കയ്യിലേകി

—നാല്പത്തിയഞ്ച്—

Digitized By Kerala Sahitya Akademi

നീറുന്ന തീച്ചൂള

എന്തിനാണെന്നോ?– കെട്ടിപ്പിടിച്ചോ–
ന്താനന്ദാമൃതുമറിയ്ക്കാൻ.

നന്ദനോദ്യാനമലർ മൃതാർദ്ര
മകരന്ദം തളിച്ചു നനയ്ക്കാൻ

ജീവകാരുണ്യപൂരം വിതയ്ക്കാൻ
ജീവിതങ്ങളെ പച്ചപിടിപ്പിയ്ക്കാൻ.

ഭാവിലോകത്തിലെങ്കിലുമോരോ
ഭാവുകങ്ങൾ തളിർത്തുല്ലസിയ്ക്കാൻ

വിത്തനാഥരും ദാസരുംപോയി
വിശ്വരംഗത്തിൽ മർത്ത്യതയെത്താൻ

കർഷകന്റെ തെളിമിഴിക്കോണിൽ
ഹർഷരശ്മികൾ നൃത്തമാടിയ്ക്കാൻ

ദുഷ്പ്രഭുത്വത്തിൻ പട്ടട കൂട്ടാൻ
സൽപ്രയത്നത്തെ പൂമാലചാർത്താൻ!

ഈജ്ജഗത്തു ദുഷിച്ചു, ജീർണ്ണിച്ചു,
സജ്ജഗത്തൊന്നു സജ്ജമാക്കും ഞാൻ.

രക്തയന്ത്രശതങ്ങളിലൂടെൻ
രാഷ്ട്രരോഷങ്ങൾ കേട്ടുവോ നിങ്ങൾ?

—നാട്ടുകാരൻ—

Digitized By Kerala Sahitya Akademi

നീറുന്ന തിരി

യന്ത്രശാലപ്പുകച്ചാരത്തിലൂടെൻ
കങ്കാളാവലി കണ്ടുവോ നിങ്ങൾ?

എൻെറ നാടെൻെറ നാടെൻെറ നാടെ-
ന്നെൻെറ ഗായത്രി കേട്ടുവോ നിങ്ങൾ?

എന്തധർമ്മവും തച്ചുതകർക്ക-
മെൻെറ ദൌർബ്ബല്യം കണ്ടുവോ നിങ്ങൾ?

എൻെറ കൈത്തണ്ടിരുമ്പാണു നോക്കൂ
എൻെറ മെയ്യിത്തുരുക്കാണു നോക്കൂ!

ശിഷ്ടപാലനം ദുഷ്ടനിധനം
വിഷ്ടപാവനം മാമകലക്ഷ്യം

ഞാനമാനുഷനല്ലാ മനുഷ്യൻ
പ്രാണനാണെനിക്കെന്നും മനുഷ്യൻ!—

വിസ്തരിപ്പീല ഞാനിനിയൊട്ടും
'വിപ്ലവ'മെന്നാണെൻെറ പേർ കേൾക്കൂ

വിശ്വസംസ്കാരമേകിമേ ജന്മം
വിശ്വസൌഹൃദമേകിമേസ്തന്യം.

—നാല്പത്തേഴ്" —

Digitized By Kerala Sahitya Akademi

ആത്മനാശം പുരോഗതി, ഞങ്ങൾ-
ക്കാത്മജന്മാരോ?- നാളത്തെ നിങ്ങൾ!

ഞങ്ങൾ നിങ്ങളിൽ ജീവൻ കൊളുത്തും
ഞങ്ങൾ നിങ്ങളെപ്പോററി വളർത്തും,

വിശ്വസിക്കുകനാഥമല്ലൊട്ടും
വിശ്വാംശം! വരുന്നു വെളിച്ചം!....

—നാല്പത്തെട്ട്—

Digitized By Kerala Sahitya Akademi

# നാളത്തെ ലോകം

കുങ്കുമപ്പൊട്ടുതൊടുന്നൊരക്കൈകളിൽ
ചെങ്കൊടിയേന്തുന്ന മങ്കമാരേ,

വീതശങ്കം നിങ്ങൾ പോകുവിൻ മുന്നോട്ടു
വീരമാതാക്കളീ നാളെ നിങ്ങൾ,

പിച്ചിപ്പൂമാലകൾ കെട്ടുമക്കൈകളിൽ
കൊച്ചുരിവാളേന്തും കന്യകളേ,

നാണിച്ചു നിൽക്കാതെ പോകുവിൻ മുന്നോട്ടു
നാളത്തെ നന്മതൻ നാരികളേ!

വേദാന്തം വൈദികരോതുന്നതു കേട്ടു
വേവലാതിപ്പെടും വേലക്കാരേ,

പള്ളിയിൽ ദൈവമി,ല്ലില്ലമ്പലത്തിലും
കള്ളങ്ങൾ നിങ്ങൾക്കു കണ്ണു കെട്ടി

വിശ്വസിയ്ക്കായ്‌വിനച്ചെന്നായ്ക്കളെ, നിങ്ങൾ
വിഭ്രമം വിട്ടിനിക്കൺതുറക്കിൻ!

എത്രയോ ചാകുന്നതായിരം ദൈവങ്ങൾ
തെണ്ടിയടിഞ്ഞു നടവഴിയിൽ?

—നാല്പത്തൊമ്പതു് —

Digitized By Kerala Sahitya Akademi

മർത്ത്യനേ മർത്ത്യനു നന്മ ചെയ്യൂ, മന്നിൽ
മററുള്ളതെല്ലാം മിരട്ടുമാത്രം.

മർത്ത്യനെത്തീർത്തതു ദൈവമോ, ദൈവത്തെ
മർത്ത്യനോ തീർത്തതെന്നോർത്തു നോക്കൂ!

മത്തടിക്കുന്ന നരച്ച മതങ്ങളാം തൻ
മസ്തകം നിങ്ങളടിച്ചുടയ്ക്കൂ!

തുപ്പുമവയുടനായിരം കൊല്ലമായ്
ച്ചപ്പിക്കുടിച്ച മനുഷ്യരക്തം—

വീണവായിക്കുമവയെത്തടിപ്പിച്ച
പ്രാണൻ പിടയ്ക്കുന്ന മർത്ത്യരക്തം—

ഉണ്ണാതുറങ്ങാതുമിനീരിറങ്ങാതെ
കണ്ണടഞ്ഞോർ തൻ പവിത്രരക്തം!!!—

കൈക്കൂലി കാണാതനുഗ്രഹമേകുവാൻ
കൈപൊക്കാത്തീശ്വരനീശ്വരനോ?

രണ്ടുതുട്ടേകിയാൽ ച്ചുണ്ടിൽച്ചിരിവരും
തെണ്ടിയല്ലേ മതം തീർത്ത ദൈവം?

—അൻപതു്—

Digitized By Kerala Sahitya Akademi

ക്രൂരാശ കിട്ടുകിൽ കൂസാതെ പാപിയിൽ
ക്രൂരകാട്ടും ദൈവമെന്തു്ദൈവം?

പാല്പായസം കണ്ടാൽ സ്വർഗ്ഗത്തിലേക്കുടൻ
പാസ്പോർട്ടെഴുതുവോനെന്തു ദൈവം?

കഷ്ടം, മതങ്ങളേ നിങ്ങൾതൻ ദൈവങ്ങൾ
നട്ടെല്ലൊടിഞ്ഞ നപുംസകങ്ങൾ!

ലോകത്തി,ലൊന്നോടവസ്ഥിനിയെങ്കിലും
ചാകാനനുമതിയേകരുതോ!

ദൈവമലട്ടി മനുഷ്യനെയിത്രനാൾ
ദൈവത്തെ മർത്ത്യനിനിയലട്ടും!

വൈവശ്യമെന്തിനു, നാനാവിളയട്ടെ
ദൈവക്കളകളുരിഞ്ഞൊടുക്കൂ!

എന്നിട്ടെറിഞ്ഞുകൊടുക്കുവിൻ കാലത്തിൻ
മുന്നി,ലുൽക്കർഷം ചുരന്നീടട്ടേ!

വേദങ്ങളേകീ പൊതിയ്ക്കാത്തതേങ്ങകൾ
വേലകൾ വാലാട്ടിയിത്രനാളും.



Digitized By Kerala Sahitya Akademi

കൊണ്ടേച്ചു കേറിപ്പിടിയ്ക്കയാണിന്നാഃ
പൊണ്ടച്ചും കൊണ്ടിനിയെന്തുകാര്യം?

പപ്പടം പായസം പാലടയൊന്നിച്ചു
പത്തുകൊല്ലം മുൻപു സദ്യയുണ്ടു.

കഞ്ഞിവെള്ളം പോലുമില്ലിന്നു—സദ്യകൾ
ഉണ്ണിക്കണ്ണം പോലും പട്ടിണികൾ!

കോലം മത്തേറിക്കേരള സംസ്കാര—
ക്കൊമ്പഞ്ചിയൂന്നിമയങ്ങുവോരേ,

കാറുവെയ്ക്കുന്നതു കണ്ടുവോ, കാററിന്റെ
കാഹളം കേട്ടുവോ?—കൺതുറക്കിൻ!

നിങ്ങളും, നിങ്ങൾ തൻ പൊട്ടപ്പാഴ്ത്തോണിയും
മുങ്ങുമിക്കോളിൽ—മതിമയക്കം!

എത്രയ്ക്കുയാപിറക്കീട്ടും മൃഗങ്ങളും
പുത്തൻ പുൽത്തളുകൾ തേടിപ്പോകും.

കാണുന്നില്ലേ പുതുതൊന്നുമേ ‘ഹാ’ നിങ്ങൾ
കാലികളേക്കാളും കഷ്ടമായോ?

—അൻപത്തിരണ്ടു—

Digitized By Kerala Sahitya Akademi

പട്ടരും നായരും നമ്പൂരിയും സ്വാർത്ഥം
കെട്ടിപ്പടുത്തുള്ളോരമ്പലങ്ങൾ,

പെററസംസ്കാരത്തിൻ ജീർണ്ണിച്ചതാം ശവ–
പ്പെട്ടിച്ചുമന്നു നടക്കുവോരേ,

ഊട്ടുപുരയിൽച്ചെന്നെച്ചിലിലയ്ക്കു കൈ–
നീട്ടുവാൻ നിങ്ങൾക്കു ലജ്ജയില്ലേ?

പോരി, നരിനാളെട്ടക്കിൻ, വിശപ്പിന്റെ
പോരിനൊരുമിച്ചണി നിരക്കിൻ!

ചീർത്തമേദങ്ങളരിഞ്ഞു വീഴ്ത്തീടുവിൻ–
നാസ്തികരാകാശപാസമാനായിക്കിൻ!

നാളത്തെലോകം, നവലോകം, സംസ്കൃത
വേലതൻ കൈയിലെ കല്പവൃക്ഷം!!

—അൻപത്തിമൂന്ന്—

Digitized By Kerala Sahitya Akademi

# കരയും ഞാൻ

കരയുംഞാൻ, കരയുംഞാൻ കരയും കവികളേ
കഴുവിൽക്കയററുമോ ലോകമേ, നീ?

കരളിൽനിന്നുയരുന്ന, കരളിൽ ചെന്നലിയുന്ന
കരയലിൽ കലയില്ലേ, കവിതയില്ലേ?

ചിരിവരും കേൾക്കുമ്പോൾ, ചിറകററ ശലഭമേ
ചിരിയാണുപോലും നിനക്കുപഥ്യം!

ചിരിതന്നെ, ചിരിതന്നെ വരണീയം;- കരണീയം?
ചിരി, കള്ളാ, നീതന്നെ കരകയാണോ?

അറുതിയില്ലെന്നോ നിന്നഴലിനു?—ശരി, കഷ്ടം!
വെറുതേ പിന്നെന്തിനിക്കപടനാട്യം?

കരളല്ലേ, മുറിവല്ലേ, കളിയാണോ പൊതിയുവാൻ
കഴിയുമോ? ചുണ്ടത്തെ ച്ചിരികളല്ലേ?

ചിരികില്ലേ നിറഭേദം, നിണമല്ലേ, പാഴ്പച്ച-
ച്ചിരിചീന്തിച്ചിലവിട്ടിട്ടെന്തുകാര്യം?...........

* * *

അഴലുന്നതഖിലവും ഭീരുത്വമാണെങ്കി-
ലലറുന്നതൊക്കെയും ധൈര്യമാണോ?

ചിറകുള്ളതെല്ലാം മയിലുകളല്ലല്ലോ
ചിരിയെല്ലാമാനന്ദമായിതെങ്കിൽ!

ഒരുകൊട്ടിൽ കഥകഴിയും കൊതുകല്ലെൻപ്രതിഭ, നിൻ
കരബലം കാണിക്കൂ ലോകമേ, നീ!

—അൻപത്തിനാല്—

Digitized By Kerala Sahitya Akademi

ഉരുക്കൈ. നാമുക്കൊന്നു പൊരുതാം—ൻ മാറുന്നൊ-
ന്തൊളിയമ്പേ നിൻകൈയിലുള്ളതെന്നോ?

റേരി, ഹാ, നിന്നാദർശം ശ്രീരാമനാണല്ലോ
ഗാവീരൻ!—നന്നുനിന്നാർഷരക്തം!

അറിയില്ലെനിക്കുതു—ധർമ്മപ്രകാശത്തി-
ലാര്യാം നടത്തുവാൻ മുഷ്ടിയുദ്ധം!

ാസനയിൽ ഗീതയും ഹൃദയത്തിൽ വിഷവുമാ-
ണ്ടസമർത്ഥനാണു ഞാൻ സമ്മതിക്കാം!

ഉരുളുന്ന ലഹരിയിലിരുളിൽ, പരുത്തനി-
ന്നുടയാടകളുടലിൽ ചേർന്നൊട്ടി നില്പൂ.

ആതിലേച്ചെളി വെള്ളത്തിലലിയും—വെളിച്ചത്തി-
ലതിധവളം വീണ്ടുമ, താദർശവാൻ നീ

പകലല്ലലഹരിയിലലയുമെൻ പട്ടുകം
പകയിൽ നിനക്കെത്ര പരിഹസിക്കാം?

ചെളിയിലെക്കീടമേ, ലജ്ജയില്ലേ, ചിത്ര-
ശലഭത്തെനോക്കിപ്പഴി പറയാൻ?

ഒരുവർണ്ണമാകിലും കുയിലുമക്കാകനു-
മൊരുമിച്ചു ശബ്ദിച്ചാലാരുനേടും?..........

—അൻപത്തിയഞ്ച്—

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi